പത്രക്കുറിപ്പ്

# ആട്ടോഡ്രൈവറെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ കൂടി പിടിയിൽ

തിരുവനന്തപുരം :- വിഴിഞ്ഞത്ത് ആട്ടോറിക്ഷാ ഡ്രൈവറെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരു പ്രതിയെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കോട്ടപ്പുറം കടയ്ക്കളം കോളനിയിൽ സുരേഷ്(30)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിലെ മറ്റൊരു പ്രതിയായ സിബിയെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

18-03-2021 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. വിഴിഞ്ഞം ഒസാവിള കോളനിയിൽ താമസിക്കുന്ന ജെറോൺ ഓട്ടോ ഓടിച്ചു വരവെ സുരേഷും കൂട്ടാളിയായ സിബിയും ചേർന്ന് വിഴിഞ്ഞം ഫിഷ്-ലാൻഡിംഗ് സമീപത്ത് വച്ച് തടഞ്ഞു നിർത്തി ചവിട്ടി വീഴ്ത്തി ക്രൂരമായി മർദ്ദിക്കുകയും സ്ക്രൂഡ്രൈവർ കൊണ്ട് കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. ജെറോണിന്റെ സ്കൂട്ടർ പ്രതി സിബി വാങ്ങി പണയം



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
സുരേഷ് (30)

വച്ചിരുന്നത് തിരികെ എടുപ്പിച്ചതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. ഈ കേസ്സിലെ ഒന്നാം പ്രതിയായ സിബിയെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന സുരേഷിനെ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ–മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ–മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് ഇന്നലെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
09–08–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി